



# ഇവിടം സ്വർഗമാണ്



••നിമിഷ പി. മോഹനൻ

ഉടഞ്ഞുപോയ കുടുംബങ്ങളിൽ നിന്നും ചിതറിപ്പോയ ബാല്യങ്ങൾ കണ്ണീർ മഴ പെയ്യിക്കാത്ത ഇവിടം സ്വർഗമാണ്... പ്രതീക്ഷകൾക്ക് ചിറകുമുളയ്ക്കുന്ന സ്വർഗം...

ഹോപ്പ് വില്ലേജിന്റെ ഗേറ്റ് കടന്ന് അകത്തേക്കു കയറുമ്പോൾ മനസിലുണ്ടായിരുന്ന ചോദ്യങ്ങളെല്ലാം കൊഴിഞ്ഞു പോയിരുന്നു. പകരം ചെറുതും വലുതുമായ കുറേ ഉത്തരങ്ങൾ ചിരിച്ചുകൊണ്ട് എന്റെ മുന്നിലേക്കു വന്നു. പച്ചപ്പുല്ലു വിരിച്ച നടപ്പാതയിലൂടെ തുളസിത്തറ കടന്ന് ഒറ്റക്കണ്ടത്തിൽ എന്നെഴുതിയ ആ വീട്ടുമുറ്റത്തേക്ക് കയറിയപ്പോൾ നനുത്ത ചിരിയോടെ ഒരു രണ്ടര വയസുകാരൻ ഓടിവന്നു, മോനേ ഓടി എവിടെയും വീഴല്ലേ...തൊട്ടു പിന്നാലെ ഒരു അമ്മയും. എന്താ മോന്റെ പേര് എന്നു ചോദിച്ചപ്പോ ശാന്തിനി എന്നു നാണത്തോടെ അവൻ പറഞ്ഞു. ടാ അത് എന്റെ പേരല്ലേ... എന്ന ഭാവത്തിൽ നാലുവയസുകാരി സഹോദരി ഇടപെട്ടു. പിന്നെ അവിടെ ചെറിയ ചെറിയ ചിരികൾ മുളച്ചു. ജന്മംകൊണ്ടല്ല, കർമ്മം കൊണ്ടാണ് ഈ കുട്ടികൾക്ക് ഒരു അമ്മയെ കിട്ടിയത്. പല ഇടങ്ങളിൽ നിന്നായി ചിതറിപ്പോയ ബാല്യങ്ങളെ ആ അമ്മയ്ക്ക് കിട്ടിയതും അതേ കർമ്മം തന്നെ.

വിനീത് എന്ന ആ രണ്ടര വയസുകാരന്റെ ചിരി എന്റെ ചുണ്ടിലേക്കും പടർന്നപ്പോൾ എനിക്ക് മനസിലായി ഉടഞ്ഞുപോയ കുടുംബങ്ങളിൽ നിന്നും ചിതറിപ്പോയ ബാല്യങ്ങൾ കണ്ണീർ മഴ പെ

> ഹോപ്പ് ഗ്രാമത്തിൽ ഒന്നല്ല ഇത്തരത്തിൽ ആറു വീടുകളുണ്ട്. അവിടെല്ലാം സ്നേഹനിധികളായ അമ്മമാരും കുട്ടികളുമുണ്ട്. അമ്മയുടെ സ്നേഹവും കുടുംബത്തിന്റെ തണലും ജീവിതത്തെ വല്ലാതെ മാറ്റിമറിച്ച നിരവധി ബാല്യകൗമാരങ്ങൾ പേടിക്കാതെ ഉറങ്ങുന്ന വീട്.



യ്യിക്കാത്ത ഇവിടം സ്വർഗമാണ്... പ്രതീക്ഷകൾക്ക് ചിറകുമുളയ്ക്കുന്ന സ്വർഗം...

ഹോപ്പ് ഗ്രാമത്തിൽ ഒന്നല്ല ഇത്തരത്തിൽ ആറു വീടുകളുണ്ട്. അവിടെല്ലാം സ്നേഹനിധികളായ അമ്മമാരും കുട്ടികളുമുണ്ട്. അമ്മയുടെ സ്നേഹവും കുടുംബത്തിന്റെ തണലും ജീവിതത്തെ വല്ലാതെ മാറ്റിമറിച്ച നിരവധി ബാല്യകൗമാരങ്ങൾ പേടിക്കാതെ ഉറങ്ങുന്ന വീട്.

അനാഥത്വം ഒരു തെറ്റല്ല. അത് സംഭവിച്ചുപോകുകയാണ് പലരുടെയും ജീവിതത്തിൽ. ആരെ പഴിപറയണമെന്നറിയാതെ, പരാതി പറയാൻ പോലുമാകാതെ പകച്ചുപോകുന്ന ബാല്യങ്ങൾ ഒരു തെറ്റല്ല, അത് കണ്ടിട്ടും അറിഞ്ഞിട്ടും മുഖം തിരിക്കുന്നതാണ് തെറ്റ്.

വിധി ഒറ്റയ്ക്കാക്കിയ കുട്ടികളെ സംരക്ഷിക്കുന്ന കേരളത്തിലെ മറ്റ് പല സ്ഥാപനങ്ങളെയും അപേക്ഷിച്ച് ഹോപ്പിന് പ്രത്യേകതകൾ ഏറെയാണ്. ധാരാളം കുട്ടികൾ ഒരുമിച്ചു താമസിക്കുന്ന ഒന്നോ രണ്ടോ കെട്ടിടങ്ങൾ. അതിൽ അവരെ നോക്കാൻ ഒന്നോ രണ്ടോപേർ. പക്ഷേ ഹോപ്പിലുള്ളത് ആറു വീടുകളാണ്. ഒരു വീട്ടിൽ 10 കുട്ടികൾ വരെ പരമാവധി ഉണ്ടാകും. അവരുടെ കാര്യങ്ങൾ കൃത്യമായി ചെയ്തു കൊടുക്കുന്ന ആറ് അമ്മമാരും. ഇവിടേക്കുള്ള കുട്ടികളെ ഹോപ്പ് നേരിട്ടല്ല ഏറ്റെടുക്കുന്നത്. ചൈൽഡ് ലൈൻ വഴി ലഭിക്കുന്ന കുട്ടികളെയാണ് പുതിയൊരു ജീവിതത്തിലേക്ക് ഇവിടുത്തെ അമ്മമാർ കൈപിടിച്ചു നടത്തുന്നത്.

## ജോൺ വീച്ച് കണ്ട സ്വപ്നം

കിഴക്കിന്റെ വെനീസിലേക്ക് വന്നിറങ്ങുമ്പോൾ ഇംഗ്ലണ്ടുകാരൻ ജോൺ വീച്ചിന്റെ മനസിൽ കയർ കയറ്റുമതി കരുപ്പിടിപ്പിക്കുന്നതിനെക്കുറിച്ചായിരുന്നു ചിന്ത. എന്നാൽ കേരളത്തിന്റെ മണ്ണിൽ തെങ്ങ് മാത്രമല്ല, പട്ടിണിയും വളരുമ്പോൾ ജോണിന്റെ മനസിലെ മനുഷ്യസ്നേഹിക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല. തലമുറയിൽ നിന്നും തലമുറയിലേക്ക് വേരിറക്കി ദാരിദ്ര്യം താഴേക്കിടയിലേക്ക് പടർന്നുകൊണ്ടേയിരുന്നു. ദാരിദ്ര്യം ഏറ്റുവാങ്ങേണ്ടിവരുന്ന ഏതെങ്കിലും ഒരുകണ്ണിയെ മുറിക്കുക. എന്നിട്ട് ഇടത്തരം കുടുംബത്തിലേക്ക് യോജിപ്പിക്കുക. വേരോടെ പിഴുതെറിയാൻ കഴിഞ്ഞില്ലെങ്കിലും ഉണ്ടും ഉടുത്തും ചിലരെങ്കിലും വളരും അവർ സൃഷ്ടിക്കുന്ന തലമുറയും. അതായിരുന്നു ജോൺ വീച്ച് കണ്ട സ്വപ്നം. അതിനായി ബിസിനസ് പങ്കാളിയായ ഇലഞ്ഞിക്കൽ ജഗൻ ഫിലിപ്പോസിനെയും കൂട്ടുപിടിച്ച് കഞ്ഞിക്കുഴിയിലെ വനസ്വർഗ്ഗം എന്ന സ്ഥലത്ത് രണ്ടര ഏക്കറോളം സ്ഥലം വാങ്ങി. ഇവിടെ 1995 ൽ മറ്റൊരു 'സ്വർഗ'ത്തിനു തറക്കല്ലിട്ടു മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ ചിന്തകളിലെ അടുത്ത വില്ലൻ പണമായിരുന്നു.

ദാരിദ്ര്യത്തിൽ നിന്നും താൻ പറിച്ചെടുക്കുന്ന ഓരോ ബാല്യത്തിനും ഇനിയൊരിക്കലും പട്ടിണി നൽകില്ലെന്ന് ഉറപ്പിച്ച ജോൺ ലണ്ടൻ മാരത്തണിൽ പങ്കെടുക്കാൻ തീരുമാനിച്ചു. അത് ജോണിന് സമ്മാനിച്ചത് എട്ടര ലക്ഷം രൂപയായിരുന്നു. കേരളത്തിൽ മടങ്ങിയെത്തിയ അദ്ദേഹം തന്റെ സൈക്കിളിൽ ഹോപ്പ് വില്ലേജിന്റെ ഗേറ്റ് കടന്ന് യാത്രചെയ്തത് പനാജിവരെ. എട്ടു ദിവസംകൊണ്ട് നടത്തിയ ഈ യാത്ര ജോണിന് നൽകിയത് നാലരലക്ഷം രൂപയായിരുന്നു.

നിരന്തരം കാണുന്ന ഒരു സ്വപ്നവും പരിശ്രമിക്കാനൊരു മനസുമുണ്ടെങ്കിൽ ജീവിതം തോൽപ്പിക്കില്ലെന്ന് വ്യക്തമാകുകയായിരുന്നു ജോൺ വീച്ചിന്. യുകെ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ഓഫീസാണ് ഹോപ്പ് വില്ലേജിലേക്കുള്ള ധനസമാഹരണം നടത്തുന്നത്. കേരളത്തിലെ ഓഫീസും ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## വീടിന്റെ തണൽ

വെറുമൊരു കെട്ടിടത്തിന്റെ തണലിൽ കുട്ടികളെ താമസിപ്പിക്കുകയല്ല ജോൺ ചെയ്തത്. രണ്ടരയേക്കറിൽ ആറു വീടും അതിലൊരു കുടുംബാന്തരീക്ഷവും സൃഷ്ടിച്ചു. പൂന്തോട്ടത്തിൽ നിന്നും ഹാളിലേക്കും അകത്തളത്തിലേക്കും അടുക്കളയിലേക്കും കിടപ്പുമുറികളിലേക്കും നമ്മെ നയിക്കുന്ന ആറ് വീടുകൾ. ഒരു മതിൽക്കെട്ടിലെ ആറു വീടുകളുടെയും നെടുംതൂണ് ആറ് അമ്മമാരാണ്. "എന്റെ രണ്ടു മക്കളെ കല്യാണം കഴിപ്പിച്ചുവിട്ടു. ദേ ഇത് അവരുടെ കുട്ടികളാണ് ." ചുവരിൽ പ്രത്യേകം സൂക്ഷിച്ചിരിക്കുന്ന ഫോട്ടോകൾ ചൂണ്ടിക്കാട്ടി ഷീല എന്ന അമ്മ പറഞ്ഞതു കേട്ടപ്പോൾ മറ്റൊരു മാതൃത്വത്തിൽ നിന്ന് അവർക്ക് കിട്ടിയതാണ് ഈ കുട്ടികളെ എന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഓരോ വീട്ടിലെയും ചിലവിനായി നിശ്ചിത തുക ഓരോ മാസവും അതാത് അമ്മമാരെ ഏൽപ്പിക്കും. സാധനം വാങ്ങുന്നതും കുട്ടികളുടെ കാര്യം നോക്കുന്നതും വീട് പരിപാലിക്കുന്നതും ഈ അമ്മമാരാണ്. ശുദ്ധമായ അന്തരീക്ഷമാണ് ഇവടുത്തേത്. ഓരോ വീട്ടിൽ നിന്നും നമുക്ക് പഠിക്കാനാകും വൃത്തിയുടെയും ശുദ്ധിയുടെയും പാഠങ്ങൾ. ഉണങ്ങിയ കരിയില പോലും നിലത്തു വീഴാൻ മടിക്കുന്നതായിപ്പോലും തോന്നിപ്പോകും ഇവിടുത്തെ മുറ്റങ്ങളിലേക്ക് കണ്ണോടിച്ചാൽ.

ഇവിടുത്തെ വീടുകളിലേക്ക് അമ്മമാരെ തിരഞ്ഞെടുക്കുമ്പോൾ ഒന്നേ പറയാറുള്ളൂ. കുട്ടികളെ



സ്വന്തം കുട്ടികളെപ്പോലെ നോക്കണം.

86 കുട്ടികളാണ് ഇവിടുത്തെ ആറുവീടുകളിലെ നിധികളായ മക്കൾ. അവരിൽ 15 പേർ ജോലി സംബന്ധമായി ഈ വീടുകളിൽ നിന്നും മാറി നിൽക്കുന്നു. 5 പെൺകുട്ടികളുടെ കല്യാണം കഴിഞ്ഞു. ശേഷിക്കുന്ന 56 മക്കളെ നെഞ്ചോടു ചേർത്തു വളർത്തുന്നു പെറ്റമ്മയോളം വരുന്ന ഇവിടുത്തെ പോറ്റമ്മമാർ. 12 വയസുവരെ ഇവരോടൊപ്പം കഴിയുന്ന ആൺകുട്ടികൾ പിന്നീട് ഹോപ്പിന്റെ തന്നെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന യൂത്ത് വില്ലേജിലേക്ക് മാറും. എല്ലാ ഞായറാഴ്ചയും അവിടെ നിന്ന് അമ്മമാരുടെ അടുത്തേക്ക് ഓടിയെത്തും. തന്റെ വീട്ടിലെ സഹോദരങ്ങൾക്കൊപ്പം ഉച്ചഭക്ഷണം കഴിക്കാനും അവരോട് ഒരാഴ്ചത്തെ കഥകളൊക്കെ പങ്കുവെക്കാനും.

അനാഥരാകേണ്ടി വന്നവർ മാത്രമല്ല, പട്ടിണി കൂടാതെയും സുരക്ഷിതമായും കുഞ്ഞുങ്ങളെ വളർത്താൻ കഴിയാതെ പോകുന്നവർക്കും ഒരു കുട്ടിയെ ഹോപ്പിലേൽപ്പിക്കാം. ഒരു നല്ല ജീവിതം സമ്മാനിക്കാം. കളിച്ചും ചിരിച്ചും അവർ വളരട്ടേ എന്നു സമാധാനിക്കാം.



## എല്ലാ മതവും ഒരുമയോടെ

ഇവിടെ സർവ്വ മതസ്ഥർക്കും താമസിക്കാം. ഒറ്റക്കണ്ടത്തിൽ വീട്ടിൽ നിന്ന് ഒന്നുറക്കെ വിളിച്ചാൽ ആലീസെന്ന മറ്റൊരു വീട്ടിലേക്ക് ആ വിളിയെത്തും. ആലീസിൽ നിന്നും പാറേക്കാട്ടിലേക്കും മണവാളനിലേക്കും മുണ്ടക്കലിലേക്കും ആ വിളികൾ നീളും. ഇവിടെ ആരുടെയും വിശ്വാസങ്ങൾ മുറിഞ്ഞുപോകില്ല. വ്രണപ്പെടില്ല. അവരവർക്ക് ഇഷ്ടമുള്ളതിൽ വിശ്വസിക്കാം. ആരും തടയില്ല. നിർബന്ധിക്കുകയുമില്ല. അതുകൊണ്ടാണ് ബൈബിളും വേദങ്ങളും ഇവിടുത്തെ കുട്ടികൾക്ക് കരുത്താകുന്നത്. ലഭിക്കുന്ന കുട്ടി ഏതു മതവിശ്വാസിയായാലും തങ്ങളുടെ വിശ്വാസത്തിലേക്ക് പറിച്ചു നടുന്ന കേരളത്തിലെ മിക്ക അനാഥാലയങ്ങളുടെയും പോളിസിക്ക് ഇവിടെ പടിക്കു പുറത്താണ് സ്ഥാനം.

## സ്വാതന്ത്ര്യത്തിലേക്ക് വളരുന്നവർ

സ്വാതന്ത്ര്യത്തിന്റെ മധുരം ഓരോ ചുണ്ടിലുമുണ്ട്. അതാണ് ഹോപ്പിലെ ഓരോ കുട്ടികളിലും നിറയുന്നത്. ഇവിടെയെത്തുന്നവരെ ചിരിച്ചുകൊണ്ട് സ്വീകരിക്കാൻ ഇവർക്ക് കഴിയുന്നതും അതുകൊണ്ടാണ്. പഠനത്തിലായാലും പാഠ്യേതര വിഷയങ്ങളിലും ആ സ്വാതന്ത്ര്യം പൂർണ്ണമായി ചിറകുവിരിക്കുന്നുണ്ട്. ചെറുതെങ്കിലും സദാ ഉണർവ്വുള്ള ഗ്രൗണ്ടും കൊച്ചുകുട്ടികളുടെ കളിസ്ഥലങ്ങളും ആ സ്വാതന്ത്ര്യമാണ് ചൂണ്ടിക്കാട്ടുന്നത്.

സംഗീതവും നൃത്തവും സംഗീത ഉപകരണങ്ങളും ഞായറാഴ്ചകൾക്ക് കൂടുതൽ ദൈർഘ്യം നൽകുന്നുവെന്നുപോലും തോന്നും. കെയർ പ്ലാൻ എന്ന പ്രത്യേക പദ്ധതി പ്രകാരം 18 വയസുവരെയും അതിനു ശേഷവും ജീവിതം കരുപ്പിടിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഭാവിയെക്കുറിച്ച് വ്യക്തതയുള്ള സ്വപ്നങ്ങൾക്കും അതിലേക്കുള്ള കൃത്യമായ വഴിയും ഇവിടുത്തെ കുട്ടികൾക്ക് സുപരിചിതമാണ്. പത്താം ക്ലാസു കഴിഞ്ഞാൽ ഇഷ്ടമുള്ള വിഷയം പഠിക്കാം. ഒരു ജോലി ലഭിച്ചാൽ അനിനനുസരിച്ച് ജീവിത സാഹചര്യം മാറ്റാനും സ്വന്തം കാലിൽ നിൽക്കാനും കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ട് ഹോപ്പ്.

## സമൂഹത്തിനു പ്രതീക്ഷയാകുന്ന ഹോപ്പ്

ലോകത്തിനു മാതൃകയായി സനാഥ ജീവിതങ്ങളെ സൃഷ്ടിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഹോപ്പിന്റെ ദിനചര്യ. ഹോപ്പ് കമ്യൂണിറ്റി വില്ലേജിലെ 4 കുട്ടികളടക്കം 95 കുട്ടികൾക്ക് ബാലപാഠങ്ങൾ പകർന്നു നൽകുന്ന കിൻഡർ ഗാർഡനും കൃത്യമായ ഇടവേളകളിൽ നടത്തിവരാറുള്ള മെഡിക്കൽ ക്യാംപും ഔട്ട് റീച്ച് സ്കീം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിധവകളായ അമ്മമാർക്ക് കുട്ടികളടങ്ങുന്ന കുടുംബം പുലർത്താൻ കൈത്താങ്ങാകുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിൽ നാല് കുടുംബങ്ങൾക്ക് സഹായമെത്തിക്കുന്നുണ്ട് ഹോപ്പ്. നിരവധി കുട്ടികൾക്ക് വിവര സാങ്കേതികവിദ്യയുടെ പാഠങ്ങൾ പകർന്ന് ഒരു ഐടി ക്ലാസ് റൂം സജ്ജമാക്കിയിട്ടുണ്ട് ഇവിടെ. സമീപത്തെ വിവിധ വീടുകളിൽ നിന്നും നിരവധി കുട്ടികൾക്ക് കംപ്യൂട്ടർ പഠിക്കാൻ ഇത് വഴിയൊരുക്കുന്നു. പണമില്ലെന്നതിന്റെ പേരിൽ ആർക്കും അന്യമാകരുത് വിദ്യാഭ്യാസം എന്നതാണ് ഹോപ്പ് ലക്ഷ്യമിടുന്നത്.

## ശാന്തിരാജ് എന്ന കൂട്ടുകാരൻ

അങ്കിളേ ഞാൻ അങ്കിളിന്റെ പേര് കംപ്യൂട്ടറിൽ എഴുതിയിട്ടിട്ടുണ്ട് കേട്ടോ... ഒരുപാട് സ്നേഹത്തോടെ ശാന്തിരാജ് എന്ന അവരുടെ അങ്കിളിനോട് ഇത് പറഞ്ഞ് അപ്പു ഓടിപ്പോയി. ശാന്തിരാജ് കോളേങ്ങാടൻ എന്ന ഇവരുടെ അങ്കിൾ ഹോപ്പ് കമ്യൂണിറ്റി വില്ലേജിന്റെ ഡയറക്ടറാണ്. പക്ഷേ അതിനേക്കാളുപരി ഇവരുടെ കളിക്കൂട്ടുകാരനാണെന്നു മാത്രമേ നമുക്ക് കരുതാനാകൂ. കുട്ടികളോട് തമാശ പറയാനും അവരോടൊപ്പം കളിക്കാനും രാത്രി ഇരുട്ടിയും ഇവരുടെ കാര്യങ്ങളെല്ലാം സുരക്ഷിതമാക്കി മാത്രം വീട്ടിലേക്കു മടങ്ങുകയും ചെയ്യുമ്പോൾ 56 കുട്ടികൾക്കും ഒരു പിതാവിന്റെ സംരക്ഷണം നൽകുകയാണ് ഇദ്ദേഹം.

കൃത്യമായ ഇടവേളകളിൽ കൗൺസിലിംഗ് അടക്കം കുട്ടികളുടെ വളർച്ചയുടെ വഴികളിലെ മുള്ളുകളെല്ലാം എടുത്തു മാറ്റുന്ന രക്ഷിതാവ്. തൃശൂരുകാരനായ ശാന്തിരാജ് 29 വർഷമായി സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുന്നു. കഴിഞ്ഞ മൂന്നു വർഷമായി ഹോപ്പിന്റെ ഡയറക്ടറാണ്.

## റിട്ടയേർഡ് മദർ ഹോം

ഹോപ്പിലെ വീടുകളിൽ നിന്ന് പ്രായം പടിയിറക്കുന്ന അമ്മമാരെ സംരക്ഷിക്കാൻ ഈ മതിൽക്കെട്ടിനുള്ളിൽ തന്നെ ഒരു വീടു പണിതിട്ടുണ്ട്.

"ഒരു കാലത്ത് തങ്ങളുടെ കുട്ടികളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്ത അമ്മമാരെ വാർദ്ധക്യം വിളിക്കുമ്പോൾ എങ്ങോട്ടെങ്കിലും പറഞ്ഞുവിടാൻ ഇവർ ഒരുക്കമല്ല. അതിനുവേണ്ടി പ്രത്യേകം പണികഴിപ്പിച്ചതാണ് റിട്ടയേർഡ് മദർ ഹോം എന്ന സ്നേഹവീട്."

ഒരു കാലത്ത് തങ്ങളുടെ കുട്ടികളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്ത അമ്മമാരെ വാർദ്ധക്യം വിളിക്കുമ്പോൾ എങ്ങോട്ടെങ്കിലും പറഞ്ഞുവിടാൻ ഇവർ ഒരുക്കമല്ല. അതിനുവേണ്ടി പ്രത്യേകം പണികഴിപ്പിച്ചതാണ് റിട്ടയേർഡ് മദർ ഹോം എന്ന സ്നേഹവീട്. 65 വയസു കഴിയുന്ന ഹോപ്പിലെ അമ്മമാരെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്ന ഈ വീട്ടിൽ നിലവിൽ അമ്മമാർ എത്തിയിട്ടില്ല.

ഒരിക്കലെങ്കിലും പട്ടിണി ഉണ്ടിട്ടുള്ളവർക്ക് മനസിലാകും ദാരിദ്ര്യത്തിന്റെ വില. ദാരിദ്ര്യം വേട്ടയാടുന്ന ബാല്യങ്ങളും പ്രതീക്ഷകൾ മങ്ങിയ കൗമാരവും സ്വപ്നങ്ങൾ നഷ്ടപ്പെട്ട യൗവ്വനവും ഇല്ലാത്ത ഇവിടം സ്വർഗമാണ്... ഒന്നു കാണുന്നവരുടെ മനസിൽ എന്നും തങ്ങി നിൽക്കുന്ന സ്വർഗം...

